Prof: M[illegible]RCY WILLIAMS
MAYOR
CORPORATION OF COCHIN

Office :
P.B.No: 1016, Cochin - 682011,
Kerala, India.
E-mail : cochinmayor@eth.net
mercywilliam@hotmail.com
Phone : 91-484-2369007/2353728
Fax : 91-484-2369023

Date 03-06-2010

## പ്രസിദ്ധീകരണത്തിന്

### കെട്ടിട നിർമ്മാണ അപേക്ഷകൾക്ക് ഓൺലൈൻ സംവിധാനം.

**ജൂൺ 4 - ന് 3 pm - ന് കൊച്ചി നഗരസഭയിൽ സെമിനാർ**

നഗരസഭയിൽ കെട്ടിട നിർമ്മാണ അപേക്ഷകൾക്ക് ഉണ്ടാകുന്ന കാലതാമസവും, ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ ലളിതമായ പുതിയ പദ്ധതി നഗരസഭ നടപ്പിലാക്കുകയാണ്.

കേരളത്തിലെ എല്ലാ എഞ്ചിനീയർമാരും ഡിസൈനർമാരും ഉപയോഗിക്കുന്ന ഡിസൈൻ സോഫ്റ്റ്‌വെയറാണ് ഓട്ടോകാഡ്. സാധാരണ ഓട്ടോകാഡ് സോഫ്റ്റ്‌വെയർ/ ഡിസൈൻ സോഫ്റ്റ്‌വെയറിൽ വരയ്ക്കുന്ന ഒരു ബിൽഡിംഗ് പ്ലാനിനെ ഒരു കമ്പ്യൂട്ടറിനും വിശകലനം ചെയ്യുവാൻ സാദ്ധ്യമല്ല. ഇത് സാധ്യമാക്കും വിധം തയ്യാറാക്കിയിട്ടുള്ളതാണ് പ്രീ ഡി. സി. ആർ (പ്രീ ഡവലപ്മെന്റ് കൺട്രോൾ റഗുലേഷൻ) ടൂൾ ബോക്സ്.

പ്രീ ഡി. സി. ആർ നഗരസഭ വെബ്സൈറ്റിൽ നിന്നും (www.corporationofcochin.net) സൗജന്യമായി ഡൗൺലോഡ് ചെയ്യുവാനുള്ള സൗകര്യം നിലവിൽ വരുന്നതാണ്. കാലാകാലങ്ങളിൽ ബിൽഡിംഗ് റൂളുകളിൽ മാറ്റം വരു ബോൾ ഇവ പരിഷ്കരിയ്ക്കുകയും ഓരോ ഡിസൈനറും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതുമാണ്. ഇതിനായി നഗരസഭ യാതൊരുവിധ ഫീസും ഈടാ ക്കുന്നില്ല.

കമ്പ്യൂട്ടറൈസേഷൻ നിലവിൽ വന്നാലും അപേക്ഷകൻ നൽകുന്ന പ്ലാനും സ്ഥലവും സംബന്ധിച്ച വിവരങ്ങൾ ശരിയാണോയെന്ന് ഉറപ്പ് വരുത്തുവാൻ സ്ഥല പരി ശോധന അത്യന്താപേക്ഷിതമാണ്. ആയതിനാൽ സ്ഥല പരിശോധന യാതൊരു കാരണവ ശാലും ഒഴിവാക്കുവാൻ സാധിക്കുകയില്ല.

നിലവിൽ ലഭിക്കുന്ന അപേക്ഷകളിൽ മേൽ രണ്ട് തരത്തിലുള്ള പരിശോധനയാണ് നടത്തിവരുന്നത്. 1) പ്ലാൻ പരിശോധന 2) സ്ഥല പരിശോധന. ഇത്തരം പരിശോ ധനകൾക്കായി ദിവസങ്ങൾ എടുത്തിരുന്നുവെങ്കിൽ പ്രീ ഡി. സി. ആർ സംവിധാനം വരു ന്നതോടുകൂടി പ്ലാൻ പരിശോധന മിനുട്ടുകൾക്കകവും, സ്ഥല പരിശോധന നിശ്ചിത ദിവ സങ്ങൾക്കുള്ളിലും നടത്തുവാൻ സാധിക്കുന്നു.

*Residence: Thekkumpurath House, Santhipuram Road, Palarivattom .P.O. Kochi-682 025*
*Phone : 91-484- 2344941, 2336844. Fax : 2345437. Mob : 98470 34034*

പൊതുജനങ്ങൾക്ക് പരമാവധി സൗകര്യപ്രദമായ രീതിയിലാണ് ഈ സോഫ്റ്റ്‌വെയർ നടപ്പിലാക്കുവാൻ നഗരസഭ തീരുമാനിച്ചിരിക്കുന്നത്. ഇന്ത്യയിലെ 50 -ഓളം നഗരസഭകളിൽ വിജയകരമായി നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. ഈ മേഖല യിൽ വളരെയധികം പരിചയ സമ്പന്നമായ കമ്പനിയാണ് സോഫ്റ്റ് ടെക്ക്. ഇത്തരത്തിൽ ബിൽഡിംഗ് ആപ്ലിക്കേഷൻ പരിശോധിക്കുന്ന മറ്റൊരു സോഫ്റ്റ്‌വെയർ ഇന്ന് ലഭ്യമല്ല.

ഓരോ അപേക്ഷയുടെയും തൽസ്ഥിതി ഇന്റർനെറ്റ് വഴി ആർക്കും എളുപ്പം മനസ്സി ലാക്കാവുന്നതാണ്.

പൊതുജനങ്ങളുടെ അപേക്ഷകൾ സുതാര്യമായ രീതിയിൽ പരിഹരിക്കുന്നതിന്റെ ഭാഗമായി ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടാണ് നഗരസഭ ഇത്തരത്തിലുള്ള ഒരു സംവിധാനം ഏർപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നത്.

കൊച്ചി നഗരസഭയിൽ ഇ - ഗവേർണൻസ് പദ്ധതിയുടെ ഭാഗമായി KSUDP- യിലൂടെ നടപ്പിലാക്കുന്ന ഈ പദ്ധതിയെ സംബന്ധിച്ച് ഒരു സെമിനാർ 2010 ജൂൺ 4 -ാം തിയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് കൗൺസിൽ ഹാളിൽ നടത്തുന്നതാണ്. പ്രസ്തുത സെമിനാറിൽ പങ്കെടുത്ത് നിർ ദ്ദേശങ്ങളും വിലയിരുത്തിലുകളും അറിയിക്കു ന്നതിന് എല്ലാവരെയും ക്ഷണിക്കുന്നു.

മേയർ
കൊച്ചി നഗരസഭ

## News Paper Cuttings

# ഇനി ഇന്റർനെറ്റ് വഴി കെട്ടിടനിർമ്മാണത്തിന് അപേക്ഷിക്കാം

കൊച്ചി: ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരസഭ ഇന്റർനെറ്റ് വഴി കെട്ടിടനിർമ്മാണ അപേക്ഷകൾ സ്വീകരിക്കാൻ സംവിധാനം ഏർപ്പെടുത്തുന്നു. പദ്ധതി സംബന്ധിച്ച സെമിനാർ ഇന്ന് വൈകിട്ട് 3 മണിക്ക് നഗരസഭാ കൗൺസിൽ ഹാളിൽ നടക്കും.

നഗരസഭയിൽ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിക്കാൻ ഉണ്ടാകുന്ന കാലതാമസവും ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ പുതിയ സംവിധാനം സഹായിക്കുമെന്ന് മേയർ മേഴ്സി വില്യംസ് പറഞ്ഞു.

സാധാരണ ഓട്ടോകാഡ് സോഫ്റ്റ്‌വെയർ/ഡിസൈൻ സോഫ്റ്റ്‌വെയറിൽ വരയ്ക്കുന്ന ഒരു ബിൽഡിംഗ് പ്ലാനിനെ ഒരു കമ്പ്യൂട്ടറിനും വിശകലനം ചെയ്യുവാൻ സാധ്യമല്ല. ഇത് സാധ്യമാക്കും വിധം തയ്യാറാക്കിയിട്ടുള്ളതാണ് പ്രീ ഡി.സി.ആർ (പ്രീ ഡവലപ്മെന്റ് കൺട്രോൾ റഗുലേഷൻ) ടൂൾ ബോക്സ്.

പ്രീ ഡി.സി.ആർനഗരസഭയുടെ വെബ്സൈറ്റിൽ നിന്ന് (www.corporationofcochin.net) സൗജന്യമായി ഡൗൺലോഡ് ചെയ്യാം. കാലാകാലങ്ങളിൽ ബിൽഡിംഗ് റൂളുകളിൽ മാറ്റം വരുമ്പോൾ ഇവ പരിഷ്ക്കരിക്കുകയും ഓരോ ഡിസൈനറും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യണം. ഇതിന് നഗരസഭ ഫീസ് ഈടാക്കില്ല.

കമ്പ്യൂട്ടറൈസേഷൻ നിലവിൽ വന്നാലും അപേക്ഷകൻ നൽകുന്ന പ്ലാനും സ്ഥലവും സംബന്ധിച്ച വിവരങ്ങൾ ശരിയാണോയെന്ന് ഉറപ്പ് വരുത്താൻ സ്ഥല പരിശോധന നടത്തേണ്ടതുണ്ട്.

നിലവിൽ ലഭിക്കുന്ന അപേക്ഷകളിൽ മേൽ രണ്ട് തരത്തിലുള്ള പരിശോധനയാണ് നടത്തിവരുന്നത്. പ്ലാൻ പരിശോധന, സ്ഥലപരിശോധന എന്നിവയാണത്. പ്രീ ഡി.സി.ആർസംവിധാനം വരുന്നതോടുകൂടി പ്ലാൻ പരിശോധന മിനിട്ടുകൾക്കകം നടത്താൻ സാധിക്കും.

ഇന്ത്യയിലെ 50 നഗരസഭകളിൽ വിജയകരമായി നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. ഓരോ അപേക്ഷയുടെയും തൽസ്ഥിതി ഇന്റർനെറ്റ് വഴി ആർക്കും എളുപ്പം മനസിലാക്കാം. പൊതുജനങ്ങളുടെ അപേക്ഷകൾ സുതാര്യമായ രീതിയിൽ പരിഹരിക്കുന്നതിന്റെ ഭാഗമായി ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് പുതിയ സംവിധാനം ഏർപ്പെടുത്തുന്നതെന്ന് മേയർ പറഞ്ഞു.

www.manoramaonline.com/districtnews
മലയാള മനോരമ

# കെട്ടിട നിർമാണ അപേക്ഷ 14 മുതൽ ഓൺലൈനിൽ

## അപേക്ഷകളിൻമേലുള്ള കാലതാമസം ഒഴിവാകും

കൊച്ചി: കോർപറേഷൻ പരിധിയിൽ കെട്ടിടനിർമാണ അപേക്ഷ ഓൺലൈൻ സംവിധാനത്തിൽ സമർപ്പിക്കാനുള്ള സൗകര്യം 14നു പ്രാബല്യത്തിലെത്തും. കെട്ടിടനിർമാണ അപേക്ഷകൾക്കുള്ള കാലതാമസവും ബുദ്ധിമുട്ടുകളും ഒഴിവാക്കാനാണു പുതിയ പദ്ധതി നടപ്പാക്കുന്നതെന്ന് ഈ വിഷയത്തിൽ നടത്തിയ ശിൽപശാലയിൽ മേയർ പ്രഫ. മേഴ്സി വില്യംസ് വ്യക്തമാക്കി.

എൻജിനീയർമാരും ഡിസൈനർമാരും ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറായ 'ഓട്ടോകാഡി'ന് അനുയോജ്യമായ വിധത്തിലാണു കോർപറേഷൻ പുതിയ സംവിധാനം ഏർപ്പെടുത്തുന്നത്. ഓട്ടോകാഡിൽ വരച്ച പ്ലാനിനെ വിശകലനം ചെയ്യാൻ കഴിയുന്ന തരത്തിലാണു കോർപറേഷൻ ഉപയോഗിക്കുന്ന പ്രീ ഡവലപ്മെന്റ് കൺട്രോൾ റഗുലേഷൻ (പ്രീ ഡിസിആർ) ടൂൾ ബോക്സിന്റെ രൂപകൽപ്പന. നഗരസഭയുടെ വെബ്സൈറ്റിൽ (വിലാസം: www. corporationofcochin.net)- നിന്നു പ്രീ ഡിസിആർ സൗജന്യമായി ഡൗൺലോഡ് ചെയ്യാനും അവസരമൊരുക്കും.

കെട്ടിട നിർമാണചട്ടങ്ങളും മറ്റും പരിഷ്കരിക്കുമ്പോൾ പ്രീ ഡിസിആറിലും മാറ്റം വരുമെന്നതിനാൽ ഓരോ ഡിസൈനറും വെബ്സൈറ്റിൽ നിന്നു പുതിയ പതിപ്പ് ഡൗൺലോഡ് ചെയ്യണം. എന്നാൽ ഇതിനു പ്രത്യേക ഫീസ് ഈടാക്കില്ല.

കംപ്യൂട്ടർവൽക്കരണം നിലവിൽ വന്നാലും അപേക്ഷകൻ സമർപ്പിച്ച പ്ലാനും സ്ഥലവും സംബന്ധിച്ച വിവരങ്ങൾ ശരിയാണെന്ന് ഉറപ്പാക്കാൻ സ്ഥലപരിശോധന തുടരുമെന്നും കോർപറേഷൻ വ്യക്തമാക്കി. അപേക്ഷകളിൽ പ്ലാൻ, സ്ഥല പരിശോധനകളാണു കോർപറേഷൻ നടത്തുന്നത്. പ്രീ ഡിസിആർ സംവിധാനം നടപ്പാവുന്നതോടെ പ്ലാൻ പരിശോധന വേഗത്തിലാവും. സ്ഥലപരിശോധന നിശ്ചിത ദിവസത്തിലും നടത്താനാവും. കൂടാതെ ഇന്റർനെറ്റ് വഴി അപേക്ഷകളുടെ തൽസ്ഥിതി പരിശോധിക്കാനും അവസരമുണ്ട്.

സെമിനാറിൽ ഡപ്യൂട്ടി മേയർ സി.കെ. മണിശങ്കർ, ഓട്ടോകാഡ് സോഫ്റ്റ്‌വെയർ ഡിസൈനർ രാകേഷ്കുമാർ സിങ് തുടങ്ങിയവർ പ്രസംഗിച്ചു.

പുസ്തകം നൽകി

---



# കെട്ടിടനിർമാണാനുമതി ഇനി ഹൈടെക് വേഗത്തിൽ

സ്വന്തം ലേഖകൻ

കൊച്ചി: ഹൈടെക് പദവിയിലേക്കു കുതിക്കുന്ന കൊച്ചിയിൽ കെട്ടിടനിർമാണാനുമതിയും ഇനി ഹൈടെക് വേഗത്തിൽ. ഒരു നില കെട്ടിടമുതൽ അംബരചുംബികളായ ഫ്ലാറ്റുകൾക്കുവരെ പത്തു ദിവസം കൊണ്ട് നിർമാണാനുമതി ലഭിക്കുന്ന ഓൺലൈൻ സംവിധാനം നഗരസഭ നടപ്പാക്കുന്നു. നിർമാണത്തിനുള്ള കെട്ടിടത്തിന്റെ രൂപരേഖയും അപേക്ഷയും 15 മുതൽ ഓൺലൈൻ വഴി സ്വീകരിക്കും.

പദ്ധതി സംബന്ധിച്ച് പൊതുജനങ്ങൾക്കായി നഗരസഭാ ഹാളിൽ നടത്തിയ ബോധവൽക്കരണ സെമിനാർ മേയർ മേഴ്സി വില്യംസ് ഉദ്ഘാടനം ചെയ്തു. ഓൺലൈനിലൂടെ അപേക്ഷ സ്വീകരിക്കുന്നതോടെ അനുമതി സുതാര്യവും വേഗത്തിലുമാകും. കെട്ടിടത്തിന്റെ രൂപരേഖ അംഗീകരിക്കാൻ നിലവിൽ മാസങ്ങളോളം സമയമെടുക്കുന്നുണ്ട്. പുതിയ സംവിധാനത്തിലൂടെ പത്തു ദിവസംകൊണ്ട് അനുമതി നൽകാനാവുമെന്നാണു പ്രതീക്ഷ. മുൻഗണനാക്രമത്തിലായിരിക്കും അനുമതി. ഇത് ഉദ്യോഗസ്ഥ അഴിമതി കുറയ്ക്കും. തിരുവനന്തപുരം നഗരസഭയുടെ പദ്ധതി പിന്തുടർന്നാണ് കൊച്ചിയിലും പദ്ധതി നടപ്പാക്കുന്നത്.

ലളിതമായ രീതിയിൽ അപേക്ഷ നൽകാം. എൻജിനീയർമാരും ഡിസൈനർമാരും ഉപയോഗിക്കുന്ന ഓട്ടോകാഡ് സോഫ്റ്റ്‌വെയറിൽ പ്രീഡിസിആർ (പ്രീ ഡവലപ്മെന്റ് കൺട്രോൾ റഗുലേഷൻ) ടൂൾ കൂട്ടിച്ചേർത്തു വേണം രൂപരേഖ തയ്യാറാക്കാൻ. പ്രീ ഡിസിആർ ടൂൾ ബോക്സ് നഗരസഭാ വെബ്സൈറ്റിൽനിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാം. പ്ലാൻ തയ്യാറാക്കാൻ പരിശീലനം വേണ്ടവർക്ക് 14 മുതൽ നഗരസഭാ ഓഫിസിൽ സൗകര്യമുണ്ടായിരിക്കും. അപേക്ഷകളിൽ പ്ലാൻ പരിശോധനയും സ്ഥലപരിശോധനയുമാണ് നടക്കുക. ഓൺലൈൻ ആകുന്നതോടെ പ്ലാൻ പരിശോധന മിനിറ്റുകൾക്കുള്ളിൽ നടക്കും. സ്ഥലപരിശോധനയും നിശ്ചിത ദിവസത്തിനുള്ളിൽ തീർക്കും. അപേക്ഷയുടെ തൽസ്ഥിതി ഇന്റർനെറ്റ് വഴി അപേക്ഷകർക്ക് മനസ്സിലാക്കാം. തുടക്കമെന്ന നിലയിൽ സാധാരണ വീടുകളുടെയും മറ്റും പ്ലാൻ നിലവിലെ രീതിയിലും സ്വീകരിക്കും. രാജ്യത്ത് അമ്പതോളം നഗരസഭകളിൽ ഓൺലൈൻ രീതി നിലവിലുണ്ട്. നഗരസഭയുടെ ഇ-ഗവേണൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഓൺലൈൻ സംവിധാനം.



കൊച്ചി നഗരസഭയിൽ കെട്ടിടനിർമാണാനുമതി ഓൺലൈനാക്കുന്നതിന്റെ ഭാഗമായുള്ള ബോധവൽക്കരണ പരിപാടിയിൽ സി. ധനേഷ്കുമാർ സിങ് വിശദീകരിക്കുന്നു.

നാണിഹോമം

## Seminar Photos



